കില വാർത്താപത്രിക

VOLUME-11
ISSUE-10
OCTOBER 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

കിലയിൽ സംഘടിപ്പിച്ച ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന ജനറൽബോഡി യോഗം തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി.മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു

വാർഷികപദ്ധതിപ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കണം: മന്ത്രി എ. സി. മൊയ്തീൻ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി.മൊയ്തീൻ നിർദ്ദേശിച്ചു. ഗുണനിലവാരവും ഫലപ്രാപ്തിയും ഉറപ്പുവരുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന ജനറൽബോഡി യോഗം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനം നേരിട്ട പ്രളയത്തിനുശേഷം ആശ്വാസ പ്രവർത്തനങ്ങളിലും ശുചീകരണത്തിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സുപ്രധാന പങ്കാണ് വഹിച്ചത്. തുടർന്നങ്ങോട്ട് ഭവനനിർമ്മാണം, ശുദ്ധജലവിതരണം കേടുസംഭവിച്ച സേവനസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി എന്നിവ ത്വരിതഗതിയിൽ പൂർത്തിയാക്കേണ്ടതുണ്ട്. പ്രളയാനന്തരപുനർനിർമ്മാണ പ്രവർത്തനങ്ങളിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു പ്രധാന ചുമതലയാണ് നിർവഹിക്കാനുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ആർ.സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ഗ്രാമവികസന അഡീഷ്ണൽ ഡയറക്ടർ സന്തോഷ് കുമാർ, സാംസ്കാരികവകുപ്പു ഡയറക്ടർ സദാശിവൻ നായർ എന്നിവർ വിഷയങ്ങളവതരിപ്പിച്ചു സംസാരിച്ചു. അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി വി.സത്യപാൽ സ്വാഗതവും സി.കെ.ചാമുണ്ണി നന്ദിയും പറഞ്ഞു.

കിലയിൽ നീർത്തട മാസ്റ്റർ പ്ലാൻ

കില കാമ്പസിലെ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്നതിനു നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ലാന്റ് യൂസ് ബോർഡ് തയ്യാറാക്കിയ നീർത്തട മാസ്റ്റർ പ്ലാൻ കിലയിൽ നടന്ന പ്രത്യേക ചടങ്ങിൽ ലാന്റ് യൂസ് ബോർഡ് അസി.ഡയറക്ടർ രുഗ്മിണി ഡോ.പി.കെ.ബിജു എം.പിക്കു കൈമാറി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ജില്ലാപഞ്ചായത്ത് പസിഡന്റ് മേരി തോമസ് എന്നിവർ സംബന്ധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ളതാണ് കിലയുടെ 25 ഏക്കർ കാമ്പസിലെ മണ്ണ്-ജലസംരക്ഷണപദ്ധതി. കിലയിൽ പരിശ്രീലനത്തിനെത്തുന്ന തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികൾക്കുകൂടി ഈ മാതൃകാപദ്ധതി അനുകരിക്കാവുന്നതാണ്.

കിലയും കാൻ ആലപ്പിയും മുംബൈ ഐ.ഐ.ടിയും സംയുക്തമായി കുട്ടനാട് മേഖലയിൽ നടത്തിയ റാപ്പിട് ഫ്ളഡ് അസസ്മെന്റ് റിപ്പോർട്ട് മന്ത്രി ഡോ. തോമസ് ഐസക്കിനു കൈമാറുന്നു

കാൻ ആലപ്പി നിരീക്ഷണറിപ്പോർട്ട് മന്ത്രി തോമസ് ഐസക്കിനു കൈമാറി

കിലയുടേയും മുംബൈ ഐ.ഐ.ടിയുടേയും സംയുക്ത പ്രോജക്ടായ കാൻ ആലപ്പി കുട്ടനാട് മേഖലയിൽ നടത്തിയ റാപ്പിഡ് ഫ്ളഡ് അസസ്മെന്റ് റിപ്പോർട്ട് മുബൈ ഐ.ഐ.ടി യിലെ ഡോ.എൻ.സി. നാരായണൻ മന്ത്രി ഡോ. തോമസ് ഐസക്കിനു കൈമാറി. പ്രളയബാധിത പ്രദേശങ്ങളിലെ വീടുകളുടേയും സ്ഥാപനങ്ങളുടേയും നാശനഷ്ടങ്ങൾ, ശുചീകരണപ്രവർത്തനം, പ്രളയബാധിത പ്രദേശങ്ങളിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള രോഗങ്ങളുടെ വ്യാപനതോത്, ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളും സ്ഥാപനങ്ങളും എന്നിവയുടെ വിശദവിവരമാണ് റിപ്പോർട്ടിലുള്ളത്. ദുരന്തനിവാരണ മാനേജ്മെന്റ് വിദഗ്ദ്ധർ, സിവിൽ എഞ്ചിനിയർമാർ, മെഡിക്കൽ വിദഗ്ദ്ധർ, ആർകിടെക്റ്റുകൾ എന്നിവരുടെ സഹായത്തോടെയാണ് റിപ്പോർട്ട് തയ്യാറാക്കിയത്. പൊതുസ്ഥാപനങ്ങളിലെ സാമൂഹ്യസാമ്പത്തിക സർവേയിൽ പത്തു പഞ്ചായത്തുകളിൽനിന്നായി 123 പൊതുസ്ഥാപനങ്ങളെ പഠനത്തിനു വിധേയമാക്കി. ഐ.ഐ.ടി മുംബൈ സിവിൽ വിഭാഗം മേധാവി ടി.എൽ.എൽദോ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, കൗൺസിലർ എം.ആർ.പ്രേം എന്നിവർ പങ്കെടുത്തു.

അമൃത്(അടൽ മിഷൻ ഫോർ റിജിനുവേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ) പ്രോജക്ടുമായി ബന്ധപ്പെട്ട് കൊച്ചി ആശിർഭവനിൽ സംഘടിപ്പിച്ച സംസ്ഥാനതല പരിശീലനപരിപാടി

അമൃത് പ്രോജക്ടിലെ ഉദ്യോഗസ്ഥർക്കു പരിശീലനം

ജീവിതനിലവാരം ഉയർത്തുന്നതിനും മെച്ചപ്പെട്ട പശ്ചാത്തലസൗകര്യം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള അമൃത്(അടൽ മിഷൻ ഫോർ റിജിനുവേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ) പ്രോജക്ടു മായി ബന്ധപ്പെട്ട മൂന്നുദിവസത്തെ സംസ്ഥാനതല പരിശീലനം കൊച്ചി ആശിർഭവനിൽ സംസ്ഥാന അമൃത് മിഷൻ ഡയറക്ടർ ആർ. ഗിരിജ ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ജോയ് ഇളമൺ അദ്ധ്യക്ഷനായിരുന്നു. കില പ്രൊഫ.ഡോ.സണ്ണി ജോർജ്, മിഷൻ ടീം ലീഡർ സാജൻ, കോർഡിനേറ്റർ കെ.വി.ഗോവിന്ദൻ എന്നിവർ സംസാരിച്ചു. അമൃത് പ്രോജക്ടിലെ എഞ്ചിനിയർമാരും ഓവർസിയർമാരും അമൃത് മിഷൻ യൂണിറ്റിലെ ഓഫിസർമാരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്. സംസ്ഥാനത്തെ ആറു കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് നഗരസഭകളിലുമാണ് അമൃത് പദ്ധതി നടപ്പാക്കുന്നത്.

ഹഡ്കോ മുൻ ചെയർമാനും മാനേജിംഗ ഡയറക്ടറുമായ ഡോ. വി.സുരേഷ്, ജോസഫ് ജോൺ, ഡോ.അഭിലാഷ് നായർ, ഡോ.ശ്യാമദിപ് ചക്രബർത്തി (ഹൈദരാബാദ്), ഹഡ്കോ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എച്ച്. എസ്.ഗിൽ തുടങ്ങിയ പ്രമുഖരാണ് വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തത്. തദ്ദേശസ്വയംഭരണവകുപ്പിലെ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും കിലയും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്.

സഹകരണവകുപ്പും കിലയും സംയുക്തമായി തിരുവനന്തപുരത്ത് ജഗതിയിൽ സംഘടിപ്പിച്ച കെയർ ഹോം ശില്പശാല സഹകരണവകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

പ്രളയദുരിതാശ്വാസം: സഹകരണവകുപ്പിന്റെ വീടുനിർമ്മാണം ജനുവരിയിൽ പൂർത്തിയാകും

പ്രളയദുരിതസമാശ്വാസവുമായി ബന്ധപ്പെട്ട് സഹകരണവകുപ്പു നിർമ്മിച്ചു നൽകുന്ന വീടുകൾ അടുത്ത വർഷം ജനുവരിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നു സഹകരണവകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. 2018 ഒക്ടോബർ 2 നു നിർമ്മാണം തുടങ്ങും. സഹകരണവകുപ്പും കിലയും സംയുക്തമായി തിരുവനന്തപുരത്ത് ജഗതിയിൽ സംഘടിപ്പിച്ച കെയർ ഹോം ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ആദ്യഘട്ടത്തിൽ 1500 വീടുകളാണ് നൽകുക. അടുത്ത ഘട്ടത്തിൽ 2000 വീടുകൾ കൂടി നൽകുന്ന കാര്യം പരിഗണനയിലാണെന്നും അദ്ദേഹം അറിയിച്ചു. സേവനസന്നദ്ധയുള്ള ഓരോ എഞ്ചിനിയറിംഗ് വിദ്യാർത്ഥിയുടെ മേൽനോട്ടത്തിലായിരിക്കും നിർമ്മാണം. പൊതുവായ മാനദണ്ഡങ്ങളനുസരിച്ചാണ് വീടു നൽകുക. ഗുണഭോക്താക്കളുടെ ഇഷ്ടത്തിനനുസരിച്ച് വീടുകൾ നിർമ്മിക്കുകയും നൽകുകയും ചെയ്യാം. ഗുണഭോക്താക്കളുടെ ഇഷ്ടത്തിനാണ് മുഖ്യപരിഗണന. ഓരോ പ്രദേശത്തേയും സാദ്ധ്യതയനുസരിച്ച് വീടുകൾ നൽകും. വീടുകളുടെ നിർമ്മാണം പാതിവഴിയിൽ മുടങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ശുചിത്വം, പാരിസ്ഥിതിക മാനദണ്ഡങ്ങൾ എന്നിവ പാലിച്ചായിരിക്കും നിർമ്മാണം.

അഡീഷ്ണൽ ചീഫ് സെക്രട്ടറി പി.എച്ച്.കുര്യൻ, സഹകരണവകുപ്പു സെക്രട്ടറി മിനി ആന്റണി, ഷാനവാസ്, ശേഖർ കുര്യാക്കോസ്, ജി.പത്മനാഭൻ, ഡോ.ദേവദാസ് മേനോൻ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ തുടങ്ങിയവർ സംബന്ധിച്ചു. വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നുള്ള വിദഗ്ദ്ധരാണ് ശില്പശാലയിൽ പങ്കെടുത്തത്.

കില കാമ്പസ്സിൽ ഒരുക്കുന്ന വ്യത്യസ്തതരം മുളകളുടെ ശേഖരണമായ മുളന്തോട്ട(ബാംബുസെറ്റം)പദ്ധതിക്കു തുടക്കം കുറിച്ചു കെ.എഫ്.ആർ.ഐ ഡയറക്ടർ ഡോ.ശ്യാം വിശ്വനാഥും കില ഡയറക്ടർ ഡോ. ജോയ് ഇളമണും ചേർന്നു മുളകൾ നടുന്നു

കില കാമ്പസ്സിൽ മുളന്തോട്ടത്തിനു തുടക്കമായി

കേരള വനഗവേഷണകേന്ദ്ര(കെ.എഫ്.ആർ.ഐ)വുമായി സഹകരിച്ച് കില കാമ്പസ്സിൽ ഒരുക്കുന്ന വ്യത്യസ്ത തരം മുളകളുടെ ശേഖരണമായ മുളന്തോട്ട(ബാംബുസെറ്റം)ത്തിനു കിലയിൽ തുടക്കം കുറിച്ചു. കെ.എഫ്.ആർ.ഐ ഡയറക്ടർ ഡോ.ശ്യാം വിശ്വനാഥും കില ഡയറക്ടർ ഡോ. ജോയ് ഇളമണും ചേർന്നു മുളകൾ നട്ടുകൊണ്ടാണ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചത്. മുളകളെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായാണ് ഇത്തരം പദ്ധതികൾ വനഗവേഷണകേന്ദ്രം ഏറ്റെടുത്തു നടത്തുന്നതെന്ന് കെ.എഫ്.ആർ.ഐ ഡയറക്ടർ പറഞ്ഞു.

ഇന്ത്യയിലും മറ്റ് ഏഷ്യൻ രാജ്യങ്ങളിലും കണ്ടുവരുന്ന വിവിധയിനം മുളകളാണ് കിലയിൽ വളർത്തുകയെന്ന് കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അയിയിച്ചു. കെ.എഫ്.ആർ.ഐ.ശാസ്ത്രജ്ഞരായ ഡോ.എൻ.വി രഘു, ഡോ.പി.കെ.സി.പിള്ള, ഡോ.വി.ബി. ശ്രീകുമാർ എന്നിവർക്കു പുറമെ കില ജീവനക്കാരും ചടങ്ങിൽ സംബന്ധിച്ചു.

തോട് ഓടയല്ല

ജലത്താൽ സമൃദ്ധമായ നാടാണ് ആലപ്പുഴ. ആ സമ്പത്തിനെ നിലനിറുത്തുന്നതിൽ കനാലുകൾക്കു ചെറുതല്ലാത്ത പങ്കാണുള്ളത്. വർഷാവർഷം വിനോദസഞ്ചാരത്തിലൂടെ ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വർഷത്തിന്റെ പകുതിയും നീണ്ടുനിൽക്കുന്ന മൺസൂൺ കാലത്ത് വെള്ളപ്പൊക്കത്തെ പ്രതിരോധിക്കുന്നതും കനാലുകളുടെ ധർമ്മമായി കരുതുന്നു. രണ്ടു പ്രധാന കനാലുകളും അവയുടെ പോഷക ഘടകമായ നിരവധി ചെറുതോടുകളും ചേർന്നതാണ് ആലപ്പുഴ കനാൽ ശൃംഖല. എന്നാൽ ആലപ്പുഴയിലെ കനാലുകൾ ഇന്നു മാലിന്യം വഹിക്കുന്ന ഓടകളായി മാറിയിരിക്കുകയാണ്. വാണിജ്യം, ഗതാഗതം എന്നീ മേഖലകളിൽ കനാലുകൾക്കുണ്ടായിരുന്ന മേൽക്കൈ നഷ്ടപ്പെട്ടതാണ് ഈ ദുരവസ്ഥയ്ക്കുള്ള പ്രധാന കാരണമായി കരുതുന്നത്. അസംഖ്യ ജലജന്യ രോഗങ്ങൾക്കും കൊതുകു ജന്യരോഗങ്ങൾക്കും ഇതു കാരണമാകുന്നു. അശാസ്ത്രീയമായി നിർമ്മിക്കപ്പെട്ട സെപ്റ്റിക് ടാങ്കുകളാണ് നഗരം നേരിടുന്ന മറ്റൊരു ഭീഷണി. ഭൂഗർഭ ജലവിതാനം ഒരു മീറ്ററിൽ താഴെ നിലനിൽക്കുന്ന എന്ന പ്രത്യേകതയുള്ളതിനാൽ അടിഭാഗം കോൺക്രീറ്റ് ചെയ്യാത്ത, അശാസ്ത്രീയമായ സെപ്റ്റിക് ടാങ്കുകളിലെ കക്കൂസ് മാലിന്യം ഭൂഗർഭ ജലത്തിൽ കലരുന്നതിനു വഴിവയ്ക്കുന്നു.

ആലപ്പുഴയിലെ ഖര-ജല മാലിന്യപ്രശ്നങ്ങളെ പറ്റി പഠിക്കുന്നതിനും അവയ്ക്കു പരിഹാരം കണ്ടെത്തുന്നതിനും ഐ.ഐ.ടി മുംബൈയും കിലയും സംയുക്തമായി ഒരു പഠന പരിപാടിക്കു രൂപം നൽകുകയുണ്ടായി. വികേന്ദ്രീകൃത ഖര-ജലമാലിന്യ സംസ്കരണത്തിലൂടേയും ജനകീയ ഇടപെടലുകളിലൂടേയും തോടുകളെ ഓടകളല്ലാതാക്കി മാറ്റുന്നതാണ് പദ്ധതി. ഐ.ഐ.ടി മുംബൈ, എസ്.സി.എം.എസ് വാട്ടർ ഇൻസ്റ്റ്റ്യൂട്ട് എന്നിവിടങ്ങളിൽനിന്നുള്ള നാൽപതു വിദ്യാർത്ഥികളെ സമന്വയിപ്പിച്ചുകൊണ്ടുള്ള വിന്റർ സ്കൂൾ എന്ന പഠന പരിപാടി ആലപ്പുഴയിൽ നടത്തുകയുണ്ടായി. ചെറുതോടുകളേയും ഓടകളേയും ജി.ഐ.എസ് സംവിധാനത്തിന്റെ സഹായത്തോടെ മാപ്പു ചെയ്യുകയും മലിനീകരണത്തിന്റെ തോത്, കനാൽ പ്രദേശത്തെ ആളുകളുടെ ഖര-ജല മാലിന്യസംസ്കരണ രീതികൾ എന്നിവ മനസ്സിലാക്കി പരിഹാരമാഗ്ഗം നിർദ്ദേശിക്കുന്നതിനും വിന്റർ സ്കൂളിനു കഴിഞ്ഞു. വികേന്ദ്രീകൃത രീതിയിലുള്ള ജനകീയ ജലമാലിന്യ സംസ്കരണപരിപാടിയാണ് സമ്മർ സ്കൂൾ മുന്നോട്ടുവച്ചത്. പരീക്ഷണ അടിസ്ഥാനത്തിൽ ഒന്നര കിലോമീറ്ററോളം നീളം വരുന്ന ചാത്തനാട് തോടിനെ പൈലറ്റ് ഏരിയയായി തെരഞ്ഞെടുത്തു. ഏകദേശം 500 വീടുകളാണ് ഈ കനാലിന്റെ ഓരത്തു സ്ഥിതിചെയ്യുന്നത്.

ആലപ്പുഴയിലെ ഖര-ജല മാലിന്യപ്രശ്നങ്ങളെ പറ്റി പഠിക്കുന്നതിനും അവയ്ക്കു പരിഹാരം കണ്ടെത്തുന്നതിനും ഐ.ഐ.ടി മുംബൈയും കിലയും സംയുക്തമായി ഒരു പഠന പരിപാടിക്കു രൂപം നൽകുകയുണ്ടായി. വികേന്ദ്രീകൃത ഖര-ജലമാലിന്യ സംസ്കരണത്തിലൂടേയും ജനകീയ ഇടപെടലുകളിലൂടേയും തോടുകളെ ഓടകളല്ലാതാക്കി മാറ്റുന്നതാണ് പദ്ധതി. ജനപങ്കാളിത്തം ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള ഒരു സാങ്കേതിക സമീപനത്തിലൂടെ കനാലുകളെ പുനരുദ്ധരിക്കാൻ ഒരുങ്ങുകയാണ് ആലപ്പുഴ. ഈ ആലപ്പുഴ മോഡൽ രാജ്യത്തിനു മാത്രമല്ല ഒരുപക്ഷേ ലോകത്തിനുതന്നെ മാതൃകയായേക്കും.

നവകേരള കർമ്മപദ്ധതിയിൽ ഏറെ പ്രാധാന്യത്തോടെ ഇടപെടുന്ന മേഖലകളിലൊന്നാണ് ഖര-ജലമാലിന്യ നിർമാർജനം. ഹരിതകേരളദൗത്യം ഇതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ് തദ്ദേശഭരണസ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരെയെല്ലാം ഏകോപിപ്പിച്ചുകൊണ്ടു പുത്തൻ പ്രവർത്തന മാതൃകയ്ക്കു കില നേതൃത്വം നൽകുന്നത്.

പുളിങ്കുന്ന് എഞ്ചിനിയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ സഹായത്തോടെ ചാത്തനാട് തോടിന്റെ സിവിൽ വിവരങ്ങൾ ശേഖരിച്ചുകൊണ്ട് ആദ്യഘട്ട ശുചീകരണ പ്രവർത്തനങ്ങളുടെ കർമ്മപരിപാടി രൂപപ്പെടുത്തി. ശുചീകരണത്തിന്റെ രണ്ടാംഘട്ടം ആശാസ്ത്രീയ സെപ്റ്റിക് ടാങ്കുകളെ പുനസ്ഥാപിക്കലാണ്. ചെങ്ങന്നാശ്ശേരി അസംപ്ഷൻ കോളേജിലെ വിദ്യാർത്ഥികളുടെ സഹായത്തോടെ പൈലറ്റ് പ്രദേശത്തെ അശാസ്ത്രീയമായ സെപ്റ്റിക് ടാങ്കുകളെ കണ്ടെത്തുന്നതിനും പ്രദേശവാസികളുടെ സാമ്പത്തിക-സാമൂഹിക വിവരങ്ങൾ ശേഖരിക്കുന്നതിനും സാധിച്ചു. ശുചീകരണത്തിനുശേഷം കനാലുകളുടെ ശുചിത്വം നിലനിർത്തുന്നതിനു പ്രദേശവാസികളുടെ സഹകരണം അനിവാര്യമാണ്. ആളുകളുടെ നിലവിലുള്ള മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനും ശുചീകരണപരിപാടികളിൽ അവരെ പങ്കാളിയാക്കുന്നതിനും സാമൂഹ്യമാധ്യമങ്ങളിലൂടെയും വര, പാട്ട്, സിനിമ തുടങ്ങിയ സങ്കേതങ്ങളേയും ഉപയോഗിച്ചുകൊണ്ടുള്ള പ്രചാരണപരിപാടി(Canalpy) കാനൽപി എന്ന പേരിൽ ജന്മമെടുത്തു. പൈലറ്റ് ഏരിയായിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ആലപ്പുഴയിലെ മറ്റെല്ലാ ചെറുകനാലുകളിലേക്കും വ്യാപിപ്പിക്കുന്നതിനും ആവശ്യമായ വിവരങ്ങൾ സമാഹരിക്കുന്നതിനും ഇന്ത്യയിലെമ്പാടുമുള്ള 300 എഞ്ചിനിയറിംഗ്, പ്ലാനിംഗ് ആന്റ് ആർക്കിടെക്ച്ചർ, പാരിസ്ഥിതിക, സാമൂഹ്യശ്സ്ത്ര വിദ്യാർത്ഥികളെ ഏകോപിപ്പിച്ചു നടത്തിയ സമ്മർ സ്കൂൾ 2018 നു സാധിച്ചു.

നഗരത്തിലെ എല്ലാ ചെറുതോടുകളേയും സംബന്ധിച്ചുള്ള സാങ്കേതിക വിവരങ്ങൾ, നഗരത്തിലേയും വീടുകളിലേയും വാണിജ്യസ്ഥാപനങ്ങളുടേയും മാലിന്യ നിർമ്മാർജന രീതികൾ, അശാസ്ത്രീയമായ സെപ്റ്റിക് ടാങ്കുകൾ പുനസ്ഥാപിക്കുന്നതിനുള്ള സന്നദ്ധതയും രണ്ടാംഘട്ടമായി സമ്മർ സ്കൂളിന്റെ ഭാഗമായി സമാഹരിക്കാനായി. നഗരത്തിലെ 93 ശതമാനം കിണർവെള്ളത്തിലും 82 ശതമാനം കുഴൽകിണർ വെള്ളത്തിലും ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയിരുന്നു. കനാലുകളുടെ മലിനീകരണം നിയന്ത്രിക്കാൻ ഖര-ജല മാലിന്യസംസ്കരണത്തെ ശക്തിപ്പെടുത്തുക എന്ന

താണ് സമ്മർ സ്കൂളിന്റെ മറ്റൊരു സുപ്രധാന നിർദ്ദേശം. നിർമ്മല ഭവനം നിർമ്മല നഗരം എന്ന പേരിൽ ലോകമെമ്പാടും ശ്രദ്ധിക്കപ്പെട്ട ആലപ്പുഴയിലെ ഖരമാലിന്യ സംസ്കരണപരിപാടി ഇതിനു പാതയൊരുക്കിയിട്ടുണ്ട്. ഇതിനെ ശക്തിപ്പെടുത്തിക്കൊണ്ട് ജലമാലിന്യത്തെ നേരിടുകയാണ് അടുത്ത ഘട്ടം. പൈലറ്റ് ഏരിയയിൽ അജൈവ ഖരമാലിന്യങ്ങളുടെ ഡോർ ടു ഡോർ കളക്ഷൻ സംവിധാനം പരിചയപ്പെടുത്തിക്കൊണ്ട് ആരംഭിച്ചിരിക്കുന്ന വിദ്യാർത്ഥി ക്യാമ്പയിൻ, ഘട്ടം ഘട്ടമായി ജൈവ മാലിന്യങ്ങളേയും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു ആളുകളെ പ്രാപ്തരാക്കും. കനാലുകളുടെ മേലുള്ള ഉടസമസ്ഥതാബോധവും ഉത്തരവാദിത്വവും ഊട്ടിയുറപ്പിക്കുന്നതിനും ശുചീകരണസംവിധാനങ്ങൾ സ്ഥാപനവൽക്കരിക്കുന്നതിനും കനാലിന്റെ നിശ്ചിത പ്രദേശത്തുള്ള ആളുകളെ ഉൾപ്പെടുത്തി കനാൽക്കര സംഘങ്ങൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്.

പൈലറ്റ് പ്രദേശത്തെ വിദ്യാർത്ഥികളേയും യുവാക്കളേയും കനാലുകൾ സംരക്ഷിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും ഖര-ജല മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പരിപാടികൾ പരിചയപ്പെടുത്തുന്നതിനും നാല് ഞായറാഴ്ചകൾകൊണ്ട് പൂർത്തിയാക്കുന്ന ശില്പശാല സംഘടിപ്പിച്ചുവരുന്നു. കനാൽക്കര സംഘങ്ങൾ രൂപീകരിക്കുമ്പോൾ അതിന്റെ നേതൃത്വത്തിലേക്കു ഈ യുവതീയുവാക്കളെ എത്തിക്കുന്നതിനു ഇതിലൂടെ സാധിക്കും. സ്കൂൾ വിദ്യാർത്ഥികളെ ക്യാമ്പയിന്റെ ഭാഗമാക്കുന്നതിനും അവരിലൂടെ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നിതിനും സ്കൂളുകളെ കേന്ദ്രീകരിച്ചുള്ള വാട്സാപ് ക്ലബ്ബുകളുടെ രൂപീകരണ പ്രവർത്തനങ്ങളും ഇതോടൊപ്പം മുന്നേറും. ഇതുവരെ പറഞ്ഞ സാമൂഹിക എഞ്ചിനിയറിംഗ് പരിപാടികൾക്കു പുറമെ കനാലുകളുടെ ശുചീകരണത്തിനായി നടത്തപ്പെടുന്ന സാങ്കേതിക പരിപാടികൾ ഇനി വിവരിക്കാം. കനാലിന്റെ നിശ്ചിത ഇടവേളകളിൽ സ്ഥാപിക്കപ്പെടുന്ന സ്റ്റീൽ മെഷ് സ്ക്രീനുകൾ ഓരോ കനാൽക്കര സംഘങ്ങളുടേയും അതിർത്തിയായി വർത്തിക്കുകയും ഒഴുകി വരുന്ന ഖരമാലിന്യത്തെ തടഞ്ഞുനിർത്തുകയും ചെയ്യും. സ്ക്രീനുകൾക്കിടയിൽ തങ്ങിനിൽക്കുന്ന ഖരമാലിന്യത്തെ കനാൽക്കര സംഘങ്ങളുടെ നേതൃത്വത്തിൽ നിർമ്മാർജനം ചെയ്തുകൊണ്ട് കനാലിന്റെ സംരക്ഷണം ഉറപ്പാക്കാം. ഇത്തരം ഖരമാലിന്യങ്ങളുടെ നിർമ്മാർജനവും മറ്റ് മാലിന്യസംസ്കരണ പരിപാടികളും നടപ്പാക്കാൻ ഹരിത തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്താവുന്നതാണ്.

വെള്ളത്തിന്റെ ഒഴുക്കിനെ സുഗമമാക്കാൻ കനാലിന്റെ അടിത്തട്ടിൽ കൃത്യമായി ഷേപ്പിംഗ് പ്രവർത്തനങ്ങൾ നടത്തണം. പദ്ധതിസ്ഥലത്തെ മുനിസിപ്പൽ കോളനി എന്നറിയപ്പെടുന്ന പ്രദേശത്ത് അമ്പതോളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നതിനാൽ ജലമാലിന്യസംസ്കരണത്തനു സാമ്പത്തികവും സ്ഥലപരവുമായ പരിമിധികൾ നിലനിൽക്കുന്നു. മുനിസിപ്പൽ കോളനി പ്രദേശത്ത് പ്രത്യേകം സ്ഥാപിക്കുന്ന ഏകീകൃത Baffled reactor സംവിധാനം ഈ പ്രദേശത്തിന്റെ ജലമാലിന്യസംസ്കരണം നിർവഹിക്കും. പരിമിതമായ ഊർജ ഉപയോഗവും ലളിതമായ പരിപാലനവും

ഈ സംവിധാനത്തിന്റെ പ്രത്യേകതകളാണ്. സന്നദ്ധത പ്രകടിപ്പിക്കുന്ന 25 വീടുകൾക്കു സെപ്ററിക് ജലമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള വ്യത്യസ്ഥമായ സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ട് പ്രദേശത്തിനു മൊത്തം മാതൃക സൃഷ്ടിക്കും. തുടർന്നു മറ്റുള്ളവരെക്കൂടി ഈ മാർഗ്ഗത്തിലേക്കു നയിക്കുന്നതാണ്. സ്വകാര്യസ്ഥാപനങ്ങൾ ഇത്തരം സംവിധാനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ജലമാലിന്യത്തെ കൃത്യമായി സംസ്കരിക്കുന്നു എന്നതു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുതലായ സംവിധാനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടും ഉറപ്പുവരുത്താം. കനാൽക്കരകളെ വാക്ക് വേയും സ്ട്രീറ്റ് ലൈറ്റുകളും, ഡസ്റ്റുബിന്നുകളും, ചുമർചിത്രങ്ങളും ഉപയോഗിച്ച് വൃത്തിയുള്ളതും ഭംഗിയുള്ളതുമാക്കി മാറ്റാം. പൈലറ്റ് കനാലിൽ നടത്തുന്ന ഇത്തരം ഇടപെടലുകൾ മെയിൻ കനാലിൽ വന്നുചേരുന്നിടത്ത് സസ്യങ്ങളുടെ വേരുകൾ വഴി ജലത്തിലടങ്ങിയിരിക്കുന്ന ലവണങ്ങളെ നിർമ്മാർജനം ചെയ്യുന്ന constructed wetlands, Phytorid system, floating wetlands, എന്നീ സംവിധാനങ്ങൾ National Environmental Engineering Research Institute ന്റെ നേതൃത്വത്തിൽ നടപ്പാക്കും. സാങ്കേതിക പ്രവർത്തനങ്ങളിലുടനീളം പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുകയും ഒടുവിൽ അവർക്കുതന്നെ കൈമാറിക്കൊണ്ടുമാവും പ്രവർത്തനങ്ങൾ പുരോഗമിക്കുക. ജനപങ്കാളിത്തം ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള ഒരു സാങ്കേതിക സമീപനത്തിലൂടെ കനാലുകളെ പുനരുദ്ധരിക്കാൻ ഒരുങ്ങുകയാണ് ആലപ്പുഴ. ഈ ആലപ്പുഴ മോഡൽ രാജ്യത്തിനു മാത്രമല്ല ഒരു പക്ഷേ ലോകത്തിനുതന്നെ മാതൃകയായേക്കും.

ആളുകളുടെ നിലവിലുള്ള മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനും ശുചീകരണപരിപാടികളിൽ അവരെ പങ്കാളിയാക്കുന്നതിനും സാമൂഹ്യമാധ്യമങ്ങളിലൂടെയും വര, പാട്ട്, സിനിമ തുടങ്ങിയ സങ്കേതങ്ങളേയും ഉപയോഗിച്ചുകൊണ്ടുള്ള പ്രചാരണപരിപാടി(Canalpy) കനൽപി എന്ന പേരിൽ ജന്മമെടുത്തു. പൈലറ് ഏരിയായിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ആലപ്പുഴയിലെ മറ്റെല്ലാ ചെറുകനാലുകളിലേക്കും വ്യാപിപ്പിക്കുന്നതിനും ആവശ്യമായ വിവരങ്ങൾ സമാഹരിക്കുന്നതിനും ഇന്ത്യയിലെമ്പാടുമുള്ള 300 എഞ്ചിനിയറിംഗ്, പ്ലാനിംഗ്ആന്റ് ആർക്കിടെക്ച്ചർ, പാരിസ്ഥിതിക, സാമൂഹ്യശ്സ്ത്ര വിദ്യാർത്ഥികളെ ഏകോപിപ്പിച്ചു നടത്തിയ സമ്മർ സ്കൂൾ 2018 നു സാധിച്ചു.

ചോദ്യങ്ങൾക്കു മറുപടി

? പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനുള്ള അപേക്ഷയുടെ കാലാവധി ഇപ്പോൾ എത്രയാണ്?

● തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതികളുടെ പെൺമക്കൾക്കു നൽകുന്ന വിവാഹധനസഹായത്തിനു അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി ഇപ്പോൾ 180 ദിവസമായി ദീർഘിപ്പിച്ചിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കൾക്കു ധനസഹായം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. (സ.ഉ. (സാധാ) 2438 തസ്വഭവ.17.9.18)

? പ്രളയദുരിതത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു സഹായമെത്തിക്കാൻ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസനിധിയിലേക്കു ഫണ്ട് ശേഖരിക്കാൻ കഴിയില്ലേ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സ്വന്തം ദുരിതാശ്വാസനിധിയിലേക്കു ഇപ്പോൾ തുകകൾ ശേഖരിക്കാൻ പാടില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു മാത്രം ധനസമാഹരണം നടത്താം. ഇതനുസരിച്ചുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ.(സാധാ) 2310/2018 തസ്വഭവ.23.8.18)

? ഞങ്ങളുടെ ഓഫീസിലെ ഓഫീസ് ഉപകരണങ്ങൾ പലതും പ്രളയജലത്തിൽ നശിച്ചുപോയി. ഇനി എന്തുചെയ്യണം?

● കമ്പ്യൂട്ടർ അടക്കമുള്ളവയാണ് നശിച്ചുപോയതെങ്കിൽ റിപ്പയർ ചെയ്യാൻ കഴിയുന്നതു റിപ്പയർ ചെയ്യുക. പൂർണമായി നശിച്ചുപോയതിനു പകരം പുതിയതു വാങ്ങിക്കുക. (സർക്കുലർ നമ്പർ ഡിയ.1/652/2018 തസ്വഭവ.17.9.18)

? പഞ്ചായത്ത് മെമ്പർക്കു തന്റെ പഞ്ചായത്തിലോ അല്ലെങ്കിൽ മറ്റൊരു പഞ്ചായത്തിലോ ഒരു കരാർ ജോലി ഏറ്റെടുത്തു നടത്താൻ കഴിയുമോ?

● ഇല്ല. ഏതെങ്കിലും തദ്ദേശഭരണസ്ഥാപനവുമായി ഉണ്ടാക്കിയ ഏതെങ്കിലും കരാറിലോ അവയ്ക്കുവേണ്ടി ചെയ്യുന്ന ജോലിയിലോ ഏതെങ്കിലും അവകാശബന്ധം ആർജിക്കുകയോ തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയോ പണിയോ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റിയുടെ കൺവീനർ എന്ന നിലയിൽ തദ്ദേശഭരണസ്ഥാപനവുമായി കരാറിൽ/പദ്ധതിയിൽ ഏർപ്പെടുകയോ ചെയ്താൽ ഒരു പഞ്ചായത്ത് മെമ്പർ അയോഗ്യനാകുന്നതാണ്. (കേരള പയത്ത്രാജ് ആകട് 1994 സെ.35.എഫ്)

? മുട്ടകോഴി വളർത്തൽ പദ്ധതിയിൽ കൂടുവാങ്ങണമെന്നു നിർബന്ധമുണ്ട്. എന്നാൽ നിലവിൽ കൂടുള്ളവർക്കു മുട്ടകോഴി നൽകുമ്പോൾ വീണ്ടും കൂടുവാങ്ങണമെന്ന നിബന്ധന പാലിക്കണമോ?

● നിലവിൽ കൂടുള്ളവർക്കു, പ്രസ്തുത വിവരം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ നിർബന്ധമായും കൂടു വാങ്ങണമെന്ന നിബന്ധന ഒഴിവാക്കാവുന്നതാണ്.(സ.ഉ. (സാധാ)1582/2018 തസ്വഭവത. 11.6.2018)

? ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണത്തിനുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട എനിക്കു പഞ്ചായത്തിൽനിന്ന് ഒന്നാംഗഡുവായി 40,000/- രൂപ ലഭിച്ചിരുന്നു. രണ്ടാംഗഡുവായി 50,000/-രൂപ മാത്രമേ അനുവദിക്കൂവെന്നു പഞ്ചായത്ത് അധികൃതർ പറയുന്നു. ഇതു ശരിയാണോ?

● ഭൂമിയുള്ള ഭവനരഹിതർക്കു ഭവനനിർമ്മാണത്തിനു ധനസഹായം നൽകുന്നതിനായി സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.(എസ്.ഒ ആർ.ടി.)34/2018. തസ്വഭവ. തീയതി.16.3.2018) ഈ ഉത്തരവു പ്രകാരം നാലുഗഡുക്കളായിട്ടാണ് (പട്ടികവർഗ്ഗത്തിനു അഞ്ചുഗഡുക്കൾ) നൽകുന്നത്. അത് ഇപ്രകാരമാണ്. കരാർ വയ്ക്കുമ്പോൾ 10 ശതമാനം (പട്ടികവർഗ്ഗ വിഭാഗത്തിനു 15%), ബെയ്സ്മെന്റ് നിർമ്മാണം പൂർത്തിയാകുമ്പോൾ 40% (പട്ടികവർഗ്ഗ വിഭാഗത്തിനു 20%), ലിന്റിൽ ലെവൽ 40%(പട്ടികവർഗ്ഗ വിഭാഗത്തിനു 35%), മേൽക്കൂര പൂർത്തിയായി വീടു വാസയോഗ്യമാകുമ്പോൾ 10%(പട്ടികവർഗ്ഗ വിഭാഗത്തിനു 20%), പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷ്- ബാധകമല്ല. (പട്ടികവർഗ്ഗ വിഭാഗത്തിനു 10%). ഒന്നാംഗഡു വിതരണം ചെയ്ത തീയതി മുതൽ ആറുമാസം കൊണ്ട് വീടുപണി പൂർത്തിയാക്കണം.

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? ഗ്രാമപഞ്ചായത്തുകളിലെ ഭവനപദ്ധതിയുടെ (ലൈഫ്) ഗുണഭോക്താവിനു തൊഴിലുറപ്പുപദ്ധതി പ്രകാരം എന്തു സഹായമാണ് ലഭിക്കുക?

● ലൈഫ് ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണത്തിനായി നാലുലക്ഷം രൂപയ്ക്കു(പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കു ആറുലക്ഷം) പുറമെ നിർമ്മാണവേളയിൽ 50 ദിവസത്തെ അവിദഗ്ദ്ധ കായിക തൊഴിൽ സഹായം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിക്കും. നഗരങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുമായി സംയോജിപ്പിച്ചും പരമാവധി സഹായം ലഭ്യമാക്കാൻ നഗരസഭ സെക്രട്ടറിമാരോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. (ലൈഫ് മിഷൻ-ഭൂമിയുള്ള ഭവനരഹിതർക്കു ഭവനനിർമ്മാണം-മാർഗ്ഗരേഖ-ജി.ഒ. (ആർ.ടി)34/2018/തസ്വഭവ.തീയതി.16.03.2018)

? തദ്ദേശഭരണസ്റ്റാൻഡിംഗ് കമ്മിറ്റികളിൽ ഏതെങ്കിലും സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വനിതാപ്രാതിനിധ്യം നിർബന്ധമാണോ?

● നിർബന്ധമാണ്. ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ഒരു അംഗത്തിന്റെ സ്ഥാനം നിർബന്ധമായും സ്ത്രീകൾക്കായി സംവരണം ചെയ്യണം. ആ അംഗത്തെ തെരഞ്ഞെടുത്തിട്ടുവേണം മറ്റ് അംഗങ്ങളെ തെരഞ്ഞെടുക്കാൻ. (കേ.പ.രാജ്. സ്റ്റാൻഡിംഗ് കമ്മിറ്റി ചട്ടങ്ങൾ 2000 സെ.3 എ)

? പഞ്ചായത്ത് പ്രസിഡണ്ടിനെതിരെ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം വെള്ളക്കടലാസിൽ എഴുതി അവതരിപ്പിച്ചാൽ മതിയോ?

● പോരാ. കേരള പഞ്ചായത്ത് രാജ് യോഗനടപടിചട്ടങ്ങൾ 1995 ലെ സെക്ഷൻ 15 പ്രകാരം അവിശ്വാസം രേഖപ്പെടുത്തുന്നതിനു ചട്ടത്തിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകാഫോറത്തിലാണ് രേഖാമൂലം സമർപ്പിക്കേണ്ടത്. ബന്ധപ്പെട്ട പഞ്ചായത്തിനു അനുവദിക്കപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട അംഗസംഖ്യയുടെ മൂന്നിൽ ഒന്നിൽ കുറയാതെ വരുന്ന അംഗങ്ങൾ ഒപ്പിട്ട രേഖാമൂലമുള്ള നോട്ടീസിലാണ് പ്രമേയം സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന് നേരിട്ട് നൽകേണ്ടതാണ്.(കേ.പ.രാജ് ആക്ട് 1994 സെ.157)

2019-20 വർഷത്തെ പദ്ധതി പ്രവർത്തനം

2019-20 വർഷത്തെ വാർഷികപദ്ധതി നവംബർ -ഡിസംബർ മാസത്തിൽ തയ്യാറാക്കി ഡിസംബർ 31 നകം ജില്ല ആസൂത്രണസമിതി അംഗീകരിക്കത്തക്ക രീതിയിൽ നടപടികൾ സ്വീകരിക്കണം. ആയതിനാൽ ഗ്രാമസഭ/വാർഡ്സഭ യോഗങ്ങൾ ചേരുന്നതടക്കമുള്ള എല്ലാ നടപടികളും ഉടൻതന്നെ ആരംഭിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നു കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിച്ചു.

കേച്ചേരി പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ ഡോ.പി.കെ.ബിജു എം.പി. ആമുഖപ്രഭാഷണം നടത്തുന്നു

കേച്ചേരി പുഴയുടെ പുനരുജ്ജീവനം: രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കു തുടക്കം

കേച്ചേരി പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട രണ്ടാം ഘട്ടപ്രവർത്തനങ്ങൾക്കു തുടക്കമായി. നീർച്ചാലുകളുടെ പുനരുജ്ജീവനത്തിലൂടെ കേച്ചേരി പുഴയെ തിരിച്ചുപിടിക്കാനും അവ സംരക്ഷിക്കാനും കഴിഞ്ഞ ഒരു വർഷം നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്താൻ കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ ഡോ.പി.കെ. ബിജു എം.പി.ആമുഖപ്രഭാഷണം നടത്തി.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ അനൂപ് കിഷോർ, വിനോദ് കുമാർ, കോർഡിനേറ്റർ എം. രേണുകുമാർ, കേരള കാർഷികസർവകലാശാലയിലെ ഡോ.ജയശ്രീ എന്നിവർ സംസാരിച്ചു. വടക്കാഞ്ചേരി, മണലൂർ, കുന്നംകുളം നിയോജക മണ്ഡലങ്ങളിലെ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, മറ്റ് ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സാമൂഹ്യ-സന്നദ്ധപ്രവർത്തകർ എന്നിവർ ശില്പശാലയിൽ സംബന്ധിച്ചു. വിവിധ വകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങളും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനുമുള്ള കർമ്മപരിപാടികൾക്കു രൂപം നൽകി. ഇതിനാവശ്യമായ പരിശീലനപരിപാടികൾക്കു കില നേതൃത്വം നൽകും. ഓരോ ഗ്രാമപഞ്ചായത്തിലേയും തോടുകളുടെ സംരക്ഷണകമ്മിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമ-ബ്ലോക്ക് നഗരസഭ ജനപ്രതിനിധികൾക്കു കിലയിൽ പരിശീലനം നൽകി. എഞ്ചിനീയറിഗ്, പോളിടെക്നിക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു പുഴയുടെ സർവേ നടത്തി കല്ലുകൾ സ്ഥാപിക്കും. പുഴസരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കും. നിലവിലുള്ള വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ സംയോജനത്തിലൂടെ പുഴസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

പ്രകൃതിയുടെ ശരിയായ സംരക്ഷണത്തിലൂടെ മാത്രമേ സുസ്ഥിരവികസനം സാദ്ധ്യമാകൂവെന്ന് ആമുഖപ്രഭാഷണത്തിൽ ഡോ.പി.കെ.ബിജു പറഞ്ഞു.

യന്ത്രവൽകൃത കൃഷി: വനിതാ കിസാൻ ശാക്തീകരൺ

കൃഷി യന്ത്രവൽകൃതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താൻ കിലയിൽ സംഘടിപ്പിച്ച വനിതാ കിസാൻ ശാസ്ത്രീകരൺ പരിയോജനയുടെ ഏകദിന ശില്പശാല തീരുമാനിച്ചു. പുതിയ അംഗങ്ങൾക്കു മൈത്രിയുടേയും ഗ്രീൻ ആർമിയുടേയും നേതൃത്വത്തിൽ പരിശീലനം നൽകും. തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ, ബ്ലോക്ക് പഞ്ചായത്ത് വനിതാക്ഷേമ ഓഫീസർമാർ, വനിതാ കോർഡിനേറ്റർമാർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

മഹിള കിസാൻ ശാക്തീകരൺ പരിയോജന ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോയ് , വിനോദ്കുമാർ (മൈത്രി), അനൂപ് കിഷോർ (ഗ്രീൻ ആർമി) എം.രേണുകുമാർ തുടങ്ങിയവർ ശില്പശാലയ്ക്കു നേതൃത്വം നൽകി. തുടർ പ്രവർത്തനങ്ങളും ശില്പശാല ആസൂത്രണം ചെയ്തു.

ജലരക്ഷ–ജീവരക്ഷ: ജനകീയ സമിതി അംഗങ്ങൾക്കു ഏകദിന പരിശീലനം

തൃശ്ശൂർ ജില്ല ആസൂത്രണസമിതി തയ്യാറാക്കിയ ജലരക്ഷ-ജീവരക്ഷ പദ്ധതിയുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ജനകീയസമിതി രൂപീകരണവുമായി ബന്ധപ്പെട്ട് പരിശീലകർക്കുള്ള പരിശീലനപരിപാടി കിലയിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ജില്ലാകലക്ടർ ടി. വി.അനുപമ മുഖ്യ അതിഥിയായിരുന്നു. ജില്ല ആസൂത്രണസമിതി അംഗം ഡോ.എം.എൻ. സുധാകരൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് കോർഡിനേറ്റർ എം. രേണുകുമാർ സംസാരിച്ചു. ജില്ല മണ്ണുസംരക്ഷണ ഓഫിസർ പി.ഡി. സിന്ധു പദ്ധതി വിശദീകരിച്ചു. ജില്ല പ്ലാനിംഗ് അസി.ഓഫിസർ കെ.ബി.ബാബുകുമാർ, കില റിസോഴ്സ് പേഴ്സൺ കെ.വി.ശ്രീധരൻ, പ്രൊഫ. വി. ആർ. രഘുനന്ദൻ, എം.എസ്.ബീന എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. വിവിധ പഞ്ചായത്തുകളിൽനിന്നുള്ള സന്നദ്ധപ്രവർത്തകരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

ശുദ്ധജലത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ജലസംരക്ഷണത്തിനും ജലവിനിയോഗത്തിനും അർഹിക്കുന്ന പ്രാധാന്യം നൽകി ജലവിനിയോഗ സംരക്ഷണ സംസ്കാരം വളർത്തിയെടുക്കുകയാണ് ജനകീയസമിതിയിലൂടെ ലക്ഷ്യമിടുന്നത്.

കല്പറ്റ മണ്ഡലത്തിൽ കിലയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പച്ചപ്പ് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ഏകദിന ശില്പശാല സി.കെ.ശശീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

നാടിൻ ദാഹമകറ്റാൻ നടൊന്നിച്ച് നാലുമണിക്കൂർ

നാടിൻ ദാഹമകറ്റാൻ നടൊന്നിച്ച് നാലുമണിക്കൂർ എന്ന ജനകീയ പങ്കാളിത്ത പരിപാടിയിലൂടെ 5000 പേരെ പങ്കെടുപ്പിച്ച് 65 കിലോമീറ്റർ ദൂരം പുഴ ശുചീകരിച്ച് കല്പറ്റയിലെ പച്ചപ്പ് പദ്ധതി പുതിയ നേട്ടം കൈവരിച്ചു. കല്പറ്റ മണ്ഡലത്തിൽ കിലയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കർഷക-ആദിവാസി സൗഹൃദ ഹരിതമണ്ഡലം വികസന പദ്ധതിയാണ് പച്ചപ്പ്. ഈ പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രധാന പുഴകൾ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ശുചീകരിച്ചത്.

കാപ്പി വിളവ് വർദ്ധനയ്ക്കുവേണ്ടി കാപ്പിത്തോട്ടങ്ങളിൽ മഴവെള്ള സംഭരണികുളങ്ങൾ നിർമ്മിക്കുന്നതിനു അമ്പലവയൽ കാർഷിക ഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ തൊഴിലുറപ്പുപദ്ധതി പ്രവർത്തകർക്കു പരിശീലനം നൽകി. ഭിന്നശേഷിക്കാരായ കിടപ്പുരോഗികൾക്കും മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുമായി പ്രത്യേക മെഡിക്കൽ ബോർഡ് സിറ്റിംഗ് നടത്തി 115 പേർക്കു മെഡിക്കൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ആദിവാസി ജനവിഭാഗങ്ങളിലെ അമിത ലഹരി ഉപയോഗം ഇല്ലാതാക്കാൻ ആദിവാസി വനിതാ വളണ്ടിയർമാരെ കണ്ടെത്തി-എന്ന പിരെ നല്ല പിരയാക്കും എന്ന ലഹരി വിരുദ്ധ കാമ്പയിൻ ആരംഭിച്ചു. ഇതിനായി ദിദിന ക്യാമ്പ് സംഘടിപ്പിച്ചു.

പച്ചപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും എത്തിക്കുന്നതിനായി വീട്ടുകൂട്ടം, നാട്ടുകൂട്ടം എന്ന സംഘടനാസംവിധാനം കാര്യക്ഷമമായി നടത്തുന്നതിനും പദ്ധതിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും സെപ്തംബർ 21നു കല്പറ്റ മുനിസിപ്പൽ ടൗൺഹാളിൽ സംഘടിപ്പിച്ച ഏകദിനശില്പശാല സി.കെ. ശശീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കല്പറ്റ നഗരസഭ ചെയർപേഴ്സൺ സനിത ജഗദീഷ് അദ്ധ്യക്ഷയായിരുന്നു. കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉഷ തമ്പി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് പി.എം.നാസർ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ ആശംസകളർപ്പിച്ചു. കല്പറ്റ നിയോജകമണ്ഡലത്തിലെ ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ, കുടുംബശ്രീ-സി.ഡി.എസ് ചെയർപേഴ്സൺമാർ, പച്ചപ്പ് കൺവീനർമാർ, നിയമസഭ പ്രാതിനിധ്യമുള്ള രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ രണ്ടുപ്രതിനിധികൾ ഉൾപ്പെടെ 285 പേർ ശില്പശായിൽ പങ്കെടുത്തു.

പച്ചപ്പുപദ്ധതിയുടെ പ്രോഗ്രാം കോർഡിനേറ്റർ എം.രേണുകുമാർ പദ്ധതി വിശദീകരിച്ചു. കില എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങളായ മോഹൻകുമാറും ഹാഷിമും ക്ലാസ്സുകൾ നയിച്ചു. ഗ്രാമപഞ്ചായത്തുതല കർമ്മപരിപാടി ആവിഷ്ക്കരിക്കുന്നതിനു കില അസിസ്റ്റന്റ് ഡയറക്ടർ മാത്യു ആൻഡ്രൂസ് നേതൃത്വം നൽകി. ഒക്ടോബർ 15 നു മുമ്പ് വീട്ടുകൂട്ടങ്ങളും നാട്ടുകൂട്ടങ്ങളും രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു തീരുമാനിച്ചു.

503 ആരോഗ്യകേന്ദ്രങ്ങൾ കൂടി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നു

സംസ്ഥാനത്തെ 503 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾകൂടി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നു. ഇതുമായി ബന്ധപ്പെട്ട പ്രാരംഭപ്രവർത്തനങ്ങൾക്കു തുടക്കമായി. നേരത്തെ 170 ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയിരുന്നു. രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത ആരോഗ്യകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള രണ്ടുദിവസത്തെ സംസ്ഥാനതല പരിശീലനമാണ് കിലയിൽ സംഘടിപ്പിച്ചത്. വിവിധ ജില്ലകളിലെ 21 ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള പ്രസിഡന്റുമാർ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സെക്രട്ടറിമാർ, ഐ.സി.ഡി.എസ്. സൂപ്രവൈസർമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ലിക്ക് ഹെൽത്ത്നേഴ്സുമാർ, സ്റ്റാഫ്നേഴ്സുമാർ, ലാബ് ടെക്നീഷൻമാർ, ഫാർമസിസ്റ്റുകൾ, ക്ലാർക്കുമാർ എന്നിവരാണ് പ്രാരംഭപരിശീലനത്തിൽ പങ്കെടുത്തത്. ഓരോ ഗ്രാമപഞ്ചായത്തുകളിലേയും ആരോഗ്യപ്രശ്നങ്ങൾക്കു സുസ്ഥിര പരിഹാരം കണ്ടെത്താൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും തമ്മിൽ കൂട്ടായ്മ വളർത്തിയെടുക്കുക എന്നതാണ് പ്രാരംഭ പരിശീലനം കൊണ്ടുലക്ഷ്യമിടുന്നത്. രണ്ടും മൂന്നും ഘട്ടങ്ങളിലായി ജീവനക്കാർക്കു ആശയപരിശീലനവും നൈപുണ്യവികസനപരിശീലനവും നൽകും. ആർദ്രമിഷൻ സംസ്ഥാനകൺസൽട്ടന്റ് ഡോ.പി.കെ.ജമീല, നോഡൽ ഓഫീസർ ഡോ.ജഗദീശൻ, സ്റ്റേറ്റ് ഹെൽത്ത് റിസോഴ്സ് സെന്റർ ഡയറക്ടർ ഡോ.ഷിനു, കോർഡിനേറ്റർ ഡോ.ദിവ്യ എന്നിവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്. ആദ്യഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറിയ 90 ലേറെ സ്ഥാപനങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നു സംഘാടകർ അറിയിച്ചു. മൂന്നു ഡോക്ടർമാർ, നാലുനേഴ്സുമാർ, ലാബ്, ലാബ് ടെക്നീഷന്മാർ, രണ്ടു ഫാർമസിസ്റ്റുകൾ എന്നിവരുടെ സേവനം ഉറപ്പാക്കിയാണ് കുടുംബാരോഗ്യകേന്ദ്രങ്ങൾ സജ്ജമാക്കുന്നത്. ഉപകേന്ദ്രപ്രവർത്തനവും ക്ലിനിക്കുകളും ആഴ്ചയിൽ ആറുദിവസവും പ്രവർത്തിക്കുന്നതാണ്.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**